സെക്രട്ടേറിയറ്റിലും വിവിധ ഡയറക്ടറേറ്റുകളിലുമായി കെട്ടിക്കിടക്കുന്ന ഫയലുകൾ

41 (1905) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സെക്രട്ടേറിയറ്റിലും വിവിധ ഡയറക്ടറേറ്റുകളിലുമായി മൊത്തം എത്ര ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ട് ;

(ബി) ഇതിൽ 2006-ലെ എത്ര ഫയലുകളുണ്ടെന്നും; 2006-നും 2011-നും ഇടയ്ക്കുള്ള എത്ര ഫയലുകളുണ്ടെന്നും ; 2011 -ന ശേഷമുള്ള എത്ര ഫയലുകളുണ്ടെന്നും ഇനം തിരിച്ചു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ 117137 ഫയലുകളും വിവിധ ഡയറക്ടറേറ്റുകളിൽ 254784 ഫയലുകളുമാണ് കെട്ടിക്കിടക്കുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രതിമാസ ശമ്പളം

42 (T*1906) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രതിമാസ ശമ്പളം എത്രയാണ് ;

(ബി) ശമ്പളത്തിന്റെ 20% കുറച്ച് വാങ്ങിയാൽ മതിയെന്ന് മന്ത്രിസഭായോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) ഇത് നടപ്പിലാക്കുക വഴി 2015 മാർച്ച് 31 വരെ എത്ര തുകയുടെ ചെലവ് സർക്കാരിന് കുറഞ്ഞ് കിട്ടും ;

(ഡി) ഇത് സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) വിവിധ അലവൻസുകൾ ഉൾപ്പെടെ മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രതിമാസ ശമ്പളം 49,910 രൂപയാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശമ്പളത്തിന്റെ 20% കുറച്ച് വാങ്ങിയാൽ മതിയെന്ന് 17-9-2014-ലെ മന്ത്രിസഭായോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിലാണ് ഇത്തരമൊരു തീരുമാനമെടുത്തിട്ടുള്ളത്.

(സി) മന്ത്രിമാരുടെ ശമ്പളത്തിൽ നിന്നും 20% കിഴിവ് വരുത്തുകവഴി മാർച്ച് 2015 വരെ ആകെ 14.67 ലക്ഷം രൂപ ശമ്പളച്ചെലവിൽ കുറവ് വരും.

(ഡി) ഉണ്ട്. 23-9-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 7445/2014/ പൊ.ഭ.വ.-യുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

ജനസമ്പർക്ക കേന്ദ്രംവഴി മുഖ്യമന്ത്രിക്ക് ലഭിച്ച പരാതികൾ

43 (1907) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ജനസമ്പർക്കകേന്ദ്രം വഴി മുഖ്യമന്ത്രിക്ക് ഇതുവരെ എത്ര പരാതികൾ ലഭിച്ചു ; ഇതിന്റെ കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പരാതികളിൽ ഓരോ വകുപ്പിലേയും എത്ര പരാതികളിന്മേൽ അന്തിമമായി തീർപ്പായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 30-11-2014 വരെ 10,900 പരാതികൾ ലഭിച്ചു. (11-10-2013 മുതൽ)

(ബി) പരാതികൾ മേൽനടപടിക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. തീർപ്പാക്കിയ പരാതികളുടെ വകുപ്പ് തിരിച്ചുള്ള കണക്ക് ശേഖരിച്ചിട്ടില്ല.

അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള നിയമനിർമ്മാണം

44 (1908) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധവിശ്വാസങ്ങൾമൂലം സ്ത്രീകളും കുട്ടികളും കൊല്ലപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്ധവിശ്വാസങ്ങൾക്കെതിരെ എത്ര സംസ്ഥാനങ്ങളിൽ നിയമനിർമ്മാണം നടന്നിട്ടുണ്ട് എന്നറിയാമോ ; എങ്കിൽ വെളിപ്പെടുത്താമോ ;

(സി) കേരളത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly